
# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ വിൻസെന്റ് ഡി പോൾ




ജനനം: 1576 ഏപ്രിൽ 24
മരണം: 1660 സെപ്റ്റംബർ 27
വാഴ്ത്തപ്പെട്ടവൻ: 1729 ജൂലൈ 14
വിശുദ്ധ പദവി: 1737 ജൂൺ 16

സഭ വലിയ പാപികളുടെ ഉദയം കണ്ട് സമയങ്ങൾതന്നെയാണ് പലപ്പോഴും വലിയ വിശുദ്ധരുടെ ജീവിതത്തിനും സാക്ഷ്യം വഹിച്ചത്. സഭയെ പീഡിപ്പിച്ചവരുടെ നീണ്ടനിരയുയർന്നപ്പോൾ സഭയെ സ്നേഹിക്കുന്നവരുടെയും നിരതന്നെ ദൈവം സഭയിലുയർത്തി. സഭയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാവുന്ന സമയങ്ങളിൽ സഭയോടുള്ള സ്നേഹം വിശ്വാസികളിൽ ജനിപ്പിച്ചത് പലപ്പോഴും വിശുദ്ധരിലൂടെയാണ്. അവരിൽ പലരുടെയും ജീവിതം സഭയുടെ മനോഹാരിത തെളിയിക്കുന്നതായിരുന്നു. ദൈവത്തിന്റെ ആഹ്വാനത്തോട് 'അതെ' എന്ന് ഉത്തരം നൽകുന്നവർ വിരളമായിക്കൊണ്ടിരിക്കുന്നതാണ് സഭയുടെ തളർച്ചയ്ക്ക് കാരണം. അപ്പോൾ അനേകരുടെ സമർപ്പണത്തെ തങ്ങളുടെ ജീവിതത്തിൽ സമന്വയിപ്പിച്ച് ചിലർ വലിയ സമർപ്പണങ്ങൾ നടത്തും. അത്തരമൊരു വിശുദ്ധജീവിതത്തിനുടമയായിരുന്ന വിശുദ്ധ വിൻസെന്റ് ഡി പോൾ.

അഹങ്കാരികളെ പരാജയപ്പെടുത്തുന്നതിനായി എളിമയുള്ളവരെ ഞാൻ സകലരുടേയും മുമ്പിൽ ഉയർത്തും എന്ന് അവിടുന്ന് അരുളിച്ചെയ്തു. മദർ തെരേസയുടെ ജീവിതശൈലിയുമായി വളരെ സാമ്യമുള്ള ജീവിതമാണ് വിൻസെന്റ് ഡി പോൾ കാഴ്ചവച്ചത്. വളരെ പാവപ്പെട്ട ഒരു കുടുംബത്തിൽ ജനിച്ച വിൻസെന്റ് ഡി പോളിന് എപ്പോഴും പാവപ്പെട്ടവരോട് എന്തെന്നില്ലാത്ത ഒരു സ്നേഹം തോന്നിയിരുന്നു. ചെറുപ്രായത്തിൽതന്നെ സ്നേഹത്തിന്റെ പൂർണത അവനിൽ കണ്ടുതുടങ്ങി. ദൈവത്തോടും മനുഷ്യരോടും സഹാനുഭൂതിയും അനുകമ്പയും അവനിൽ നിറഞ്ഞുനിന്നു. ആടുമേയിക്കുമ്പോൾ സങ്കീർത്തനങ്ങളും പ്രാർത്ഥനകളും ഗാനരൂപത്തിൽ ആലപിക്കുകയായിരുന്നു അവന്റെ ഇഷ്ടവിനോദങ്ങൾ. വിശുദ്ധിയുടെ വിത്തുകൾ അവന്റെ മനസ്സിലും ആത്മാവിലും വിതച്ചത് പാവപ്പെട്ടവരെങ്കിലും, സ്നേഹം നിറഞ്ഞ അവന്റെ കുടുംബാംഗങ്ങൾ തന്നെയാണ്. തന്റെ മകന്റെ വിദ്യാഭ്യാസത്തിലുള്ള അഭിരുചി കണ്ട് പിതാവ് തന്റെ സമ്പാദ്യത്തിന്റെ നല്ലൊരു പങ്കും അതിനായി മാറ്റിവച്ചു. പിന്നീട് ഫ്രാൻസിസ്കൻ സന്യാസികളുടെ സഹായത്തോടെയും അവന്റെ വിദ്യാഭ്യാസജീവിതം

കരുപ്പിടിപ്പിച്ചു. മാത്രവുമല്ല കോമറ്റ് എന്നപേരുള്ള ഒരു പണക്കാരന്റെ കുട്ടികളെ പഠിപ്പിക്കുവാനായി ആ നാളുകളിൽ വിൻസെന്റിന് അവസരം ലഭിക്കുകയുണ്ടായി. അതിൽനിന്നുള്ള ചെറിയ സമ്പാദ്യം കുടുംബത്തിന്റെ നടത്തിപ്പിനും സ്വന്തം വിദ്യാഭ്യാസത്തിനും അവനെ സഹായിച്ചു. 1596 ൽ ഇരുപത് വയസ്സുള്ളപ്പോൾ സർവ്വകലാശാലാപഠനം പൂർത്തിയാക്കി വിൻസെന്റ് പൗരോഹിത്യപഠനം ആരംഭിച്ചു.

1600 ൽ തന്റെ സ്വപ്നം സാക്ഷാത്കരിച്ചുകൊണ്ട് ഫ്രാൻസിസ്കൻസഭയിൽ അവൻ വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. ഫ്രാൻസിസിന്റെ ജീവിതത്തിൽ അദ്ദേഹം ആഗ്രഹിച്ചതുപോലെ മറ്റൊരു ക്രിസ്തുവായിത്തീരുക എന്നതുതന്നെയായിരുന്നു വിൻസെന്റിന്റെയും ജീവിതലക്ഷ്യം. സുവിശേഷം അനുസരിക്കുന്നതിൽ അണുവിട വ്യതിചലിക്കുവാൻ അദ്ദേഹം തയ്യാറായില്ല. ധാരാളം പഠിക്കണമെന്ന ആഗ്രഹമുണ്ടായിരുന്നുവെങ്കിലും സാമ്പത്തികമായി അദ്ദേഹത്തിനുണ്ടായിരുന്ന കടബാധ്യതകളും പണത്തിന്റെ അഭാവവും അതിൽനിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കുകയാണുണ്ടായത്. പാവങ്ങളോടുള്ള അദ്ദേഹത്തിന്റെ കാരുണ്യം മനസ്സിലാക്കിയ ധനികയായ ഒരു സ്ത്രീ തന്റെ മരണസമയത്ത് ധാരാളം വരുന്ന സ്വത്തുക്കൾ വിൻസെന്റിന്റെ പേരിലെഴുതി. 1605 ൽ തനിക്ക് ലഭിക്കാനുണ്ടായിരുന്ന അവകാശം സ്വന്തമാക്കുവാൻ വിൻസെന്റ് എത്തിയപ്പോൾ സ്വത്തുമായി ഒരാൾ മസേയിലേക്ക് കടന്നുകളഞ്ഞ വിവരമാണ് വിൻസെന്റിന് ലഭിച്ചത്. അവിടെയെത്തി ലഭിച്ച പണവുമായി തിരികെയുള്ള യാത്രയിൽ അദ്ദേഹത്തിന് മറ്റൊരു സുഹൃത്തിനെക്കൂടെ ലഭിച്ചു. രണ്ടുപേരും കൂടി തിരികെ യാത്രയാരംഭിച്ചു. കപ്പലിലുള്ള യാത്ര അതിമനോഹരമായിരുന്നു. പണവും സ്വത്തുക്കളുമായി തിരികെ വരുന്ന കപ്പൽ താമസിയാതെ കടൽക്കൊള്ളക്കാരുടെ കൈയ്യിൽപെട്ടു. ദാരുണമായ പീഡനത്തിന്റെയും വേദനയുടേയും നാളുകളായിരുന്നു പിന്നീട്. കപ്പലിൽ ബന്ധിതരായി അവർ നയിക്കപ്പെട്ടു. എട്ടുദിവസങ്ങൾ കഴിഞ്ഞപ്പോൾ വിൻസെന്റ് ഡി പോളിനെയുമായി തീരമണിഞ്ഞ കപ്പലിൽ അദ്ദേഹവും മറ്റ് അടിമകളോടൊപ്പം എണ്ണപ്പെട്ടു. ഫ്രഞ്ച് അധികാരികളെ ഭയന്ന് വഴിയിൽവച്ച് വിലയ്ക്കുവാങ്ങിയ അടിമകളാണെന്നാണ് കൊള്ളക്കാർ വിൻസെന്റിനെയും കൂട്ടുകാരെയും കുറിച്ച് വാർത്ത നൽകിയത്.

അടിമകളോടുള്ള അവരുടെ സമീപനം അതിക്രൂരമായിരുന്നു. എല്ലാത്തരം പീഡനങ്ങൾക്കും വിധേയനായ വിൻസെന്റിനെ അവസാനം ഒരു മുക്കുവൻ വിലകൊടുത്തു വാങ്ങി. എന്നാൽ കടലിൽ ജോലി ചെയ്യുവാൻ വിൻസെന്റിന് വശമില്ലെന്നറിഞ്ഞ് പ്രായമായ ഒരു വൈദ്യന് വിൻസെന്റിനെ അദ്ദേഹം വിറ്റു. വർഷങ്ങളായി താൻ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു സിദ്ധാന്തം പൂർത്തിയാക്കുവാൻ സഹായിക്കുകയായിരുന്നു ജോലി. മന്ത്രവാദങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അമ്പതു വർഷത്തെ പ്രായോഗിക പഠനങ്ങളായിരുന്നുവത്. അതിനിടയിൽ കഴിഞ്ഞുകൂടുവാൻ വിൻസെന്റിന് നന്നേ കഷ്ടപ്പെടേണ്ടി വന്നു. അതിനിടയിൽ മുസ്ലീം മതം സ്വീകരിച്ചാൽ പീഡനങ്ങളിൽനിന്ന് രക്ഷപ്പെട്ട് സ്വതന്ത്രനാകാമായിരുന്ന ഒരു അവസ്ഥയുണ്ടായി. പരിശുദ്ധ അമ്മയോടുള്ള പ്രാർത്ഥന ഒന്നുമാത്രമാണ് അതിക്രൂരമായ മർദനങ്ങൾക്കിടയിലും ക്രിസ്തീയ വിശ്വാസം കാത്തുസൂക്ഷിക്കുവാൻ വിൻസെന്റിന് ശക്തി നൽകിയത്. ദൈവം ആർക്കും താങ്ങാവുന്നതിലും അധികം വേദന അനുവദിക്കുന്നില്ലല്ലോ. വൃദ്ധനായ ആ മനുഷ്യൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഒരു ബന്ധുവിൽ നിന്നും വിൻസെന്റിന് വേദനയേൽക്കേണ്ടി വന്നു. എന്നാൽ പിന്നീട് അവർ ക്രിസ്തുമതം ഉപേക്ഷിച്ച ഒരു മുസ്ലീമിന് വിൻസെന്റിനെ വിറ്റു. അദ്ദേഹത്തിന് മൂന്നു ഭാര്യമാരുണ്ടായിരുന്നു. അവരിലൊരാൾ ജോലിക്കിടയിൽ വിൻസെന്റ് ആലപിക്കുന്ന സങ്കീർത്തനങ്ങളും പ്രാർത്ഥനകളും കേൾക്കുവാനിടയായി. ഇത്രമേൽ ശ്രേഷ്ഠമായ ക്രിസ്തീയവിശ്വാസം ഉപേക്ഷിച്ചതിന് അവൾ തന്റെ ഭർത്താവിനെ കുറ്റപ്പെടുത്തുവാൻ തുടങ്ങി. അങ്ങനെ ഭർത്താവിന് മാനസാന്തരമുണ്ടായപ്പോൾ, അദ്ദേഹവും വിൻസെന്റും കൂടി മറ്റുള്ളവരുടെ സഹായത്തോടെ ഫ്രാൻസിൽ അവിഞ്ഞാണിലേക്ക് രക്ഷപ്പെട്ടു.

പിന്നീട് ആ മനുഷ്യനും രോഗികളെ സന്ദർശിക്കുന്ന ഒരു സന്യാസസഭയിൽ ചേരുവാനിടയായി. അവിഞ്ഞോൺ ഒരു കാലത്ത് മാർപ്പാപ്പമാരുടെ പുണ്യപാദം പതിഞ്ഞ സ്ഥലമായിരുന്നല്ലോ. രക്തസാക്ഷികളുടെ ചൂടുനിണത്താൽ പണിതുയർത്തപ്പെട്ട ക്രിസ്തീയവിശ്വാസത്തിലേക്ക് തന്നെ കൂട്ടിക്കൊണ്ട് വന്ന ദൈവത്തോട് വിൻസെന്റിന് അതിയായ നന്ദിയുണ്ടായിരുന്നു. വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും കൈമാറുന്നതിനുമായി താനും അനേകം പീഡകൾ ഏറ്റെടുത്തിരുന്നല്ലോ. എങ്കിലും അവിടെ തങ്ങുന്നതിനെക്കാൾ പാരീസിലേക്ക് പോകുന്നതിനാണ് വിൻസെന്റ് ഇഷ്ടപ്പെട്ടത്. പാരീസിലെ അദ്ദേഹത്തിന്റെ സന്തോഷത്തിന്റെ നാളുകളും അധികം നീണ്ടില്ല. വിൻസെന്റ്

താമസിച്ചിരുന്ന ഭവനത്തിൽത്തന്നെയുണ്ടായിരുന്ന ഒരു ജഡ്ജിയുടെ വലിയ സ്വത്തുക്കൾ ആരോ ആ നാളുകളിൽ മോഷ്ടിക്കുവാനിടയായി. താൻ നിരപരാധിയാണെന്ന് പറഞ്ഞിട്ടും കള്ളക്കേസിൽ കുടുങ്ങി, ആറുവർഷത്തോളം വിൻസെന്റ് ജയിൽ വാസം അനുഭവിച്ചു. ഈ ആറുവർഷവും ആരും തുണയില്ലാതിരുന്നിട്ടും പരാതിയും പരിഭവവുമില്ലാതെ സഹനങ്ങൾ അദ്ദേഹം ഏറ്റെടുത്തു. ഒരിക്കൽപോലും തന്നെ ന്യായീകരിക്കുവാൻ അദ്ദേഹം മുതിർന്നിരുന്നില്ല എന്നതാണ് അതിലും ആശ്ചര്യകരം.

ദൈവം എല്ലാ സത്യങ്ങളും അറിയുന്നു എന്നത് മാത്രമായിരുന്നു ചോദ്യങ്ങൾക്കുള്ള അദ്ദേഹത്തിന്റെ ഏക ഉത്തരം. താൻ നിരപരാധിയാണെന്നറിഞ്ഞിട്ടും തന്നെ സംശയിക്കുകയും തടവിലാക്കുകയും ചെയ്തു ആരോടും അദ്ദേഹം പരിഭവം വച്ചുപുലർത്തിയില്ല. ഒരു വൈദികനായിരിക്കെ ആരും തന്നെ തിരിച്ചറിയാത്തപ്പോഴും ആവശ്യമുള്ള സഹായം അദ്ദേഹം മറ്റുള്ളവർക്ക് ചെയ്തുകൊടുക്കുമായിരുന്നു. ദൈവം അനുവദിച്ച സന്ദർഭങ്ങളും സാഹചര്യങ്ങളും തന്റെ ദൗത്യനിർവഹണത്തിനുള്ള അവസരങ്ങളായി മാത്രമാണ് വിൻസെന്റ് കണ്ടത്. ജീവിക്കുന്ന ഒരു രക്തസാക്ഷിത്വത്തിന്റെ മാതൃകയായിരുന്നു അദ്ദേഹം. സകലതും അദ്ദേഹത്തിന് ദുഖകരമായിരുന്നില്ല. ആ നാളുകളിൽ സ്നേഹമുള്ള ഒരു വൈദികനെ കണ്ടെത്താൻ വിൻസെന്റിന് സാധിച്ചു. പിന്നീട് ഈ വൈദികൻ കർദിനാളായി ഉയർത്തപ്പെടുകയും ചെയ്തു. ഈ വൈദികനുമായുള്ള പരിചയം ശിക്ഷ കഴിഞ്ഞപ്പോൾ പാരീസിന് പുറത്തുള്ള ചെറിയൊരു ഇടവകയിൽ സേവനം ചെയ്യുവാൻ വിൻസെന്റിന് അവസരമൊരുക്കി. പിന്നീട് പലരുടേയും ആത്മീയ പിതാവായും വിൻസെന്റ് സേവനം ചെയ്തു. വിശുദ്ധ കുദാശകൾ അർപ്പിക്കുന്നത് വിൻസെന്റിന് അതിയായ സന്തോഷം പ്രദാനം ചെയ്യുന്ന കാര്യമായിരുന്നു. പ്രത്യേകിച്ച് കുമ്പസാരക്കൂട്ടിൽ ചിലവഴിക്കുന്നത്. ഒരു ദിവസം മരണാസന്നനായൊരാളുടെ കുമ്പസാരം കേൾക്കുവാൻ പോയ വിൻസെന്റിന് ആ ആത്മാവിന്റെ ശോചനീയാവസ്ഥ മനസിലായി.

കുമ്പസാരം നടത്തുന്നത് പലർക്കും ആ നാട്ടിൽ അരോചകമാണെന്നും പാപങ്ങൾ ഏറ്റുപറയാതെയാണ് പലരും കുമ്പസാരിക്കുന്നതെന്നും അദ്ദേഹത്തിന് മനസിലായി. പിന്നീട് ദേവാലയത്തിൽ വിശുദ്ധ പൗലോസിന്റെ മാനസാന്തരദിവസം കുമ്പസാരത്തെക്കുറിച്ച് മനോഹരമായ ഒരു പ്രസംഗം അദ്ദേഹം നടത്തുകയുണ്ടായി. നൂറുകണക്കിനാളുകൾ കുമ്പസാരിക്കുവാൻ തയ്യാറായി. മറ്റു വൈദികരുടെ സഹായം തേടേണ്ടിവന്നു. ഈ മഹനീയ സംഭവത്തെ അനുസ്മരിച്ചുകൊണ്ട് ജനുവരി പതിനഞ്ചാം തിയതി വിൻസെന്റ് ഡി പോൾ സമൂഹത്തിൽ അംഗങ്ങളായവർ പ്രത്യേക അനുസ്മരണങ്ങൾ നടത്താറുണ്ട്. കർദിനാളായിത്തീർന്ന, അദ്ദേഹത്തിന്റെ പഴയ സുഹൃത്ത് അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയും ജ്ഞാനവും മനസിലാക്കിയിരുന്നു. കർദിനാളിന്റെ അനുവാദത്തോടുകൂടി അഞ്ച് സഹോദരൻമാരോടൊപ്പം പാവപ്പെട്ട മനുഷ്യർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വിൻസെന്റ് ആരംഭിച്ചു. വിശ്വാസത്തിൽ നിന്ന് ദാരിദ്ര്യംമൂലം വ്യതിചലിച്ചവരും ജീവിക്കാൻ വേണ്ടി ധാർമ്മികമൂല്യങ്ങൾ കാറ്റിൽ പറത്തുന്നവരും അക്കൂട്ടത്തിലുണ്ടായിരുന്നു. ദൈവത്തിന് വേദനാജനകമായ ജീവിതം നയിക്കുന്ന സകലരോടും സത്യത്തിന്റെ പാതയെക്കുറിച്ച് അദ്ദേഹം പ്രസംഗിക്കുകയും നന്മയുടെ പാത അവർക്ക് സ്വന്തം പ്രവൃത്തികളിലൂടെ കാട്ടിക്കൊടുക്കുകയും ചെയ്തിരുന്നു. മുൻപ് വിൻസെന്റ് സഹായിച്ചിരുന്ന പ്രഭുവിന്റെ ഭാര്യ തന്റെ ഭർത്താവിന്റെ സമ്മതത്തോടുകൂടി വിൻസെന്റിനെയും സഹോദരങ്ങളെയും ധാരാളമായി സഹായിച്ചു. ആദ്യം കർഷകരെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് അവർ തുടങ്ങിയത്. പിന്നീടാണ് വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ ജീവിതവുമായി വിൻസെന്റ് ബന്ധപ്പെടുന്നത്.

ഫ്രാൻസിസ് സാലസാണ് പാവപ്പെട്ടവരോട് സഹാനുഭൂതിയും അനുകമ്പയും പ്രകടിപ്പിച്ച് വിസിറ്റേഷൻ സന്യാസസഭയ്ക്ക് ആരംഭം കുറിച്ചത്. അതിന്റെ സുപ്പീരിയറായിരുന്ന ജെയ്ൻ ഫ്രാൻസിസ് ഡെ ഷന്താൾ എന്ന മറ്റൊരു വിശുദ്ധയുടെ സന്യാസഭവനത്തിലെ സഹോദരിമാരുടെ സഹായം തേടുവാൻ വിൻസെന്റ് ആഗ്രഹിച്ചുവെങ്കിലും പുറത്തുപോകുവാൻ അവരുടെ നിയമം അനുവദിക്കാതിരുന്നത് ഈ പദ്ധതിക്ക് തടസ്സമായി. പിന്നീടാണ് കോൺവെന്റ് സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ വിൻസെന്റിന്റെ മനസിലുരുത്തിരിയുന്നത്. നാളുകൾക്ക്ശേഷം ജെയ്ൻ ഫ്രാൻസിസ് ഷന്താളിന്റെ ആത്മീയപിതാവായി പ്രവർത്തിക്കുന്നതും വിൻസെന്റാണ്. രണ്ടുപേരും പാവപ്പെട്ടവരോടും അനാഥരോടും കരുണകാട്ടിയിരുന്നവരും വിശുദ്ധജീവിതത്തിനുടമകളുമായിരുന്നു. ദൈവം എല്ലാക്കാലത്തും വിശുദ്ധരെ സഭയിലുയർത്തുമ്പോൾ അവർക്ക് തുണയും സഹായവും എത്തിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. വിശുദ്ധരുടെ ജീവിതത്തിലും, മറ്റുവിശുദ്ധരുമായി അസാധാരണമാംവിധം അവർ

സംവദിക്കുന്നത് നാം ചരിത്രത്തിൽ കാണാറുണ്ട്. ദൈവം സകലതും ക്രമീകരിക്കുന്നതാണ്. പരസ്പരം ധൈര്യപ്പെടുത്തുവാനും ആശ്വസിപ്പിക്കുവാനും മനസ്സിലാക്കുവാനും വിശുദ്ധർക്ക് അവിടുന്ന് വിശുദ്ധരെത്തന്നെ നൽകുന്നു. ഇതും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ്. ജെയ്ൻ ഷന്താളും സഹോദരിമാരും വിൻസെന്റിന്റെ നിർദേശപ്രകാരം പാവപ്പെട്ടവരെയും അശരണരെയും സഹായിച്ചുകൊണ്ടിരുന്നു.

1625 ഉന്നതവിദ്യാഭ്യാസവും അറിവും അനുഭവവുമുള്ള ലൂയിസ് മരിയ എന്നൊരു സ്ത്രീയും അവരോടൊപ്പം കൂടി. ഭർത്താവ് മരിച്ചപ്പോൾ വിൻസെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കേട്ട് അവൾ പാരീസിലെത്തിയതായിരുന്നു. പാവപ്പെട്ടവരെ സഹായിക്കുകയായിരുന്നു അവളുടേയും ലക്ഷ്യം. ലൂയിസ് മരിയയുടെ ഭവനത്തിലായിരുന്നു വിൻസെന്റ് ഡി പോൾ സന്യാസിനിസഭയുടെ ആരംഭം. ദൈവം തന്റെ മഹനീയ ജ്ഞാനത്തിൽ സകലതും ക്രമപ്പെടുത്തുകയായിരുന്നു. പ്രഖ്യാതയായ കാതറിൻ ലബോറെ ഈ സമൂഹത്തിലെ അംഗമായിരുന്നു. അവൾക്ക് ലഭിച്ച ദർശനങ്ങളിലൂടെ പരിശുദ്ധ ദൈവമാതാവ് ധാരാളം സന്ദേശങ്ങൾ ലോകത്തിന് നൽകിയിട്ടുണ്ട്. അത്ഭുതമെഡലിന്റെ ഉത്ഭവം പരിശുദ്ധ അമ്മ അവൾക്ക് നൽകിയ ദർശനത്തിൽ നിന്നായിരുന്നു. പുതിയതായി സ്ഥാപിക്കപ്പെട്ട സംഘടന വളരെ തീക്ഷ്ണതയോടുകൂടിയാണ് രോഗികളെയും വേദനിക്കുന്നവരെയും പരിചരിച്ചിരുന്നത്. ഈ സമൂഹത്തിലെ പലരും രോഗബാധിതരായാണ് മരിച്ചത്. അവരുടെ സമർപ്പണവും തീക്ഷ്ണതയുമാണ് പടർന്നുപിടിച്ച പല പകർച്ചവ്യാധികളിലും നിന്ന് രക്ഷനേടുവാനും സമാധാനത്തിൽ മരിക്കുവാനും പലരേയും സഹായിച്ചത്. സ്നേഹമാണ് നിലനിൽക്കുന്ന സത്യം. സഹോദരങ്ങളിൽ ക്രിസ്തുവിനെ ദർശിക്കാതെ ഒരാൾക്ക് വിശുദ്ധനാകുവാൻ സാധിക്കില്ല. സ്വർഗത്തിൽ പ്രവേശനവുമുണ്ടാവില്ല. അന്ത്യവിധിനാളിൽ ഈ ചെറിയവരിൽ ഒരുവന് ചെയ്തു കൊടുത്തതിനെ അടിസ്ഥാനമാക്കിയാണല്ലോ നമ്മുടെ വിധി വരുന്നത്. അത്തരം സ്നേഹത്താൽ ജ്വലിച്ച വിൻസെന്റും കൂട്ടരുമായിരുന്നു ഈ സേവനത്തിന് പിന്നിൽ.

പിന്നീട് സഭാനേതൃത്വം അവരുടെ മഹത്തായ പ്രവർത്തനങ്ങൾ കണ്ട് ഒരു കോളേജ് തുടങ്ങുന്നതിനുള്ള അനുവാദവും സഹായവും നൽകുകയുണ്ടായി. മുൻപ് നാം വിവരിച്ച പ്രഭുകുടുംബം സാമ്പത്തികമായി അവരെ സഹായിക്കുകയും ചെയ്തു. വിൻസെന്റിനെ ഏറെ സഹായിച്ച പ്രഭ്വി ആ വർഷം തന്റെ നിത്യസമ്മാനം നേടുവാനായി യാത്രയായി. വാഗ്ദാനം ചെയ്തതുപോലെ മരണസമയത്ത് പ്രാർത്ഥിക്കുവാനും അന്ത്യകൂദാശകൾ നൽകുവാനുമായി വിൻസെന്റും അവരുടെ അടുക്കലുണ്ടായിരുന്നു. അതിനുശേഷമാണ് തന്റെ സന്യാസസഭയോടൊത്തുള്ള പ്രവർത്തനങ്ങൾ പൂർവാധികം ശക്തിയോടെ ചെയ്യുന്നതിനുള്ള അവസരം വിൻസെന്റിന്റെ ജീവിതത്തിൽ സംജാതമായത്. രാജാക്കൻമാരും പ്രഭുക്കൻമാരും പുതിയതായി ഉയർന്നുവന്ന ഈ സമൂഹത്തിന് ധാരാളം സഹായങ്ങൾ ചെയ്തു. താമസിക്കുവാനും രോഗികളെ പരിചരിക്കുവാനും ഉതകുന്നതരത്തിലുള്ള ധാരാളം ഭവനങ്ങൾ അവയിലുണ്ടായിരുന്നു. സന്യാസസഭയുടെ ആവശ്യങ്ങൾക്കും ശുശ്രൂഷകൾക്കുമായിട്ടാണ് അവയെല്ലാം ഉപയോഗിച്ചിരുന്നത്. ദാരിദ്ര്യവും ബ്രഹ്മചര്യവും അനുസരണവും സ്ഥിരതയും വ്രതങ്ങളായി സ്വീകരിച്ച സെക്കുലർ വൈദികരാണ് ഈ സമൂഹത്തിലുള്ളത്. പാവപ്പെട്ടവരുടെ ഇടയിൽ അവരുടെ ശരീരങ്ങൾക്കും ആത്മാക്കൾക്കുമായി സേവനം ചെയ്യുകയായിരുന്നു അവരുടെ ദൗത്യം. സ്ഥാപക പിതാവിന്റെ ചൈതന്യം ഉൾക്കൊണ്ട് സ്വന്തം വിശുദ്ധീകരണത്തിനുവേണ്ടിയുള്ള സുകൃതങ്ങൾ അഭ്യസിക്കുന്നതും മാനസാന്തരവും പൗരോഹിത്യത്തിലേക്കുള്ള ദൈവവിളികളുടെ പ്രോത്സാഹനവും സുഗമമാക്കുന്നതും അവരുടെ സഭയുടെ ലക്ഷ്യങ്ങളാണ്.

വിൻസെന്റ് ഡി പോളിന്റെ മഹത്തായ പ്രവർത്തനങ്ങൾ കണ്ട് പരിശുദ്ധ പിതാവ് അലക്സാണ്ടർ ഏഴാമൻ പൗരോഹിത്യസ്വീകരണത്തിനൊരുങ്ങുന്ന എല്ലാവരും വിൻസന്റ് ഡി പോളിന്റെ സഭയിലെ പത്തു ദിവസത്തെ ധ്യാനം കൂടിയിരിക്കണമെന്ന് നിർദേശിക്കുകപോലും ചെയ്തു. ലോകത്തെ വിൻസെന്റ് ഡി പോൾ സ്വാധീനിച്ചത് വളരെ വ്യത്യസ്തമായിട്ടായിരുന്നു. ദാരിദ്ര്യത്തിന്റെയും പീഡനങ്ങളുടേയും തടവറജീവിതത്തിന്റെയും ഒടുവിൽ മഹത്തായ ഒരു നക്ഷത്രമായി അദ്ദേഹം ഉയിർത്തെഴുന്നേൽക്കുകയായിരുന്നു. ലോകം മുഴുവനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളോട് ഇന്നും അനുഭാവം പ്രകടിപ്പിക്കുന്നു. ഫ്രാൻസ് മുതൽ ഇറ്റലിയിലെ പിയദ്മോന്റ് വരെയും ഹോളണ്ടിലും എന്നുവേണ്ട യൂറോപ്പ് മുഴുവനും ഇരുപത്തഞ്ചോളം ഭവനങ്ങൾ അദ്ദേഹം സ്ഥാപിച്ചു. അതുപോലെ സന്യാസസഭക്ക് പുറമെ കോൺഫ്രറ്റേർണിറ്റികളും സ്ഥാപിച്ചു. രോഗികൾക്കായും യുവതികളുടെ വിദ്യാഭ്യാസത്തിനായും അനാഥകുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായും അത്തരം സഹായസംഘങ്ങൾ

അദ്ദേഹം രൂപീകരിക്കുകയുണ്ടായി. ഇത്രമാത്രം പ്രവർത്തനനിരതനായിരുന്നുവെങ്കിലും കുമ്പസാരക്കൂട്ടിൽ പാപികളുടെ മാനസാന്തരത്തിനായി ചിലവഴിക്കുവാനും അദ്ദേഹം സമയം കണ്ടെത്തി.

പാവപ്പെട്ടവരുടേയും പണക്കാരുടേയും സുഹൃത്തായിരുന്നു വിൻസെന്റ്. പണമുള്ളവരുമായുള്ള സുഹൃദ്ബന്ധത്തിലൂടെ അനേകം പാവപ്പെട്ടവരെ സഹായിച്ച മഹത്‌വ്യക്തിത്വത്തിനുടമ. ദൈവത്തിന്റെ മക്കളാണ് സകലരും - അത് മാത്രമായിരുന്നു അദ്ദേഹത്തിനുള്ള ഏക തിരിച്ചറിവ്. ആരും വേദനിക്കരുതെന്നാഗ്രഹിച്ച വിശാലഹൃദയത്തിനുടമ. ദിവസത്തിൽ പലപ്രാവശ്യം അദ്ദേഹം ശരീരത്തിൽ കുരിശടയാളം വരയ്ക്കുമായിരുന്നു. അപ്രകാരം കുരിശിനോട് എല്ലായ്പ്പോഴും ജീവിതത്തെ ചേർത്തുവയ്ക്കുന്നതിൽ അദ്ദേഹം ആനന്ദിച്ചു. ദൈവഹിതത്തിന് തന്നെത്തന്നെ പൂർണമായി സമർപ്പിച്ചു. ഭൂമിയിൽ വേദനിക്കുന്നവരുടെ മുൻപിൽ തനിക്കാവുന്നതെല്ലാം അദ്ദേഹം യാതൊരു മടിയും കൂടാതെ ചെയ്യുമായിരുന്നു. സഭയിൽ ഉയർന്നുവന്ന തെറ്റായ പഠനങ്ങൽക്കെതിരെയും അദ്ദേഹം ശബ്ദമുയർത്തിയിട്ടുണ്ട്. ദൈവകൃപയെ സംബന്ധിച്ച് ലൂവെയ്ൻ യൂണിവേഴ്സിറ്റിയിലെ ഒരധ്യാപകൻ തെറ്റായ പഠനങ്ങൾ നൽകുകയുണ്ടായി. മനുഷ്യന്റെ പതനത്തിന് മുൻപും പിൻപുമുള്ള കൃപയുടെ ജീവിതത്തെക്കുറിച്ച് ചില പഠനങ്ങൾ അദ്ദേഹം നടത്തിയതിനെ പരിശുദ്ധ പിതാവ് പീയൂസ് അഞ്ചാമൻ നിശിതമായി വിമർശിക്കുകയും നിരാകരിക്കുകയും ചെയ്തു. ഈ അദ്ധ്യാപകൻ സഭയുടെ നിർദേശങ്ങളെ സ്വീകരിച്ചുവെങ്കിലും കോർണേലിയൂസ് ജാൻസണെപ്പോലുള്ള ചിലർ പ്രസ്തുത പഠനങ്ങൾ ശരിയാണെന്ന് വിചാരിച്ചു. എന്നാൽ ജാൻസണും താൻ എഴുതിയ പുസ്തകം പ്രസിദ്ധീകരിക്കുവാൻ മടിക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ അനുയായി ഈ പുസ്തകം പ്രസിദ്ധീകരിച്ചു. ഈ പിൻഗാമിയാണ് പിന്നീട് ജാൻസിയനിസം എന്നപേരിൽ ഉയർന്നുവന്ന പാഷണ്ഡതയുടെ ഉപജ്ഞാതാവ്. വെർഗർ എന്ന ഈ ദൈവശാസ്ത്രജ്ഞന്റെ പഠനങ്ങളിൽ വിൻസെന്റ് ഡി പോളും ആദ്യമൊക്കെ ആകൃഷ്ടനായിരുന്നു. എന്നാൽ സഭയുടെ പഠനങ്ങൾക്ക് വിരുദ്ധമാണ് അദ്ദേഹത്തിന്റെ നിലപാടെന്ന് മനസിലായതോടുകൂടി പ്രസ്തുത പഠനങ്ങളെ തള്ളിക്കളയുന്നതിന് വിൻസെന്റ് തയ്യാറായി. സത്യത്തെ സംരക്ഷിക്കുന്നതിനും തെറ്റിനെ വെളിച്ചത്ത് കൊണ്ടുവരുന്നതിനും അദ്ദേഹം അക്ഷീണം പരിശ്രമിക്കുകയും ചെയ്തു.

കൂദാശകളുടെ ഒരു മനുഷ്യനായിരുന്നു വിൻസെന്റ് ഡി പോൾ. കുമ്പസാരത്തിനായി വിശ്വാസികളെ ഒരുക്കുന്നതിന് അഭൗമികമായ കൃപയാണ് ദൈവം അദ്ദേഹത്തിന് നൽകിയിരുന്നത്. കുറ്റബോധമല്ല നമ്മെ കുമ്പസാരത്തിലേക്ക് നയിക്കേണ്ടത് മറിച്ച് ദൈവത്തെ വേദനിപ്പിച്ചല്ലോ എന്നുള്ള പാപബോധമാണെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദേശം. പാപത്തോടുകൂടി ജീവിക്കുന്നത് എല്ലാ കൂദാശകളോടുമുള്ള നിന്ദനത്തിന് കാരണമാകുന്നു. 1658 ൽ വിൻസെന്റ് ഡി പോളിന്റെ ആത്മീയ പുത്രൻമാരുടെ എണ്ണം വർദ്ധിച്ചു. അപ്പോൾ അദ്ദേഹം തയ്യാറാക്കിയ ഒരു ചെറിയ പുസ്തകമാണ് അവരുടെ സഹായത്തിനായി നൽകിയിരുന്നത്. പിന്നീട് അലക്സാണ്ടർ ഏഴാമൻ പാപ്പയും ക്ലെമന്റ് പത്താമൻ പാപ്പയും ഈ പുതിയ സമൂഹത്തെ അംഗീകരിച്ചു കൊണ്ട് ഔദ്യോഗിക പ്രഖ്യാപനങ്ങൾ നടത്തി. എൺപതാമത്തെ വയസ്സിൽ ഗുരുതരമായ പനിബാധിച്ച് അദ്ദേഹം വളരെ കഷ്ടതയനുഭവിച്ചിരുന്നു. എങ്കിലും രാവിലെ എഴുന്നേറ്റ് മൂന്നുമണിക്കൂർ പ്രാർത്ഥിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം വീഴ്ചവരുത്തിയില്ല. എല്ലാവർക്കും ആശീർവാദം നൽകി അന്ത്യകൂദാശകളും സ്വീകരിച്ച് സന്തോഷത്തോടെയാണ് അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞ് നിത്യസമ്മാനം വാങ്ങുവാനായി പോയത്.

1660 സെപ്റ്റംബർ 27നാണ് അദ്ദേഹം പിതാവിന്റെ ഭവനത്തിലേക്ക് യാത്രയായത്. പാരീസിലെ ലാസറസ് ദേവാലയത്തിൽ ഭൗതികശരീരം സംസ്കരിച്ചു. ആരുമില്ലാത്ത, വെറുമൊരു അടിമയുടെ ജോലി ചെയ്ത് വർഷങ്ങൾ കഴിച്ചുകൂട്ടിയ അദ്ദേഹത്തെ ഒരു നോക്കുകാണുവാൻ അനേകർ അവസാനനാളുകളിൽ അനേകർ എത്തി. സകലരോടും വിടചൊല്ലി അദ്ദേഹം സ്വപിതാവിന്റെ ഭവനത്തിലേക്ക് യാത്രയായി. മരണശേഷം അത്ഭുതങ്ങൾ ധാരാളമായി സംഭവിച്ചുകൊണ്ടിരുന്നു. 1712 അന്വേഷണത്തിനായി കല്ലറ തുറന്നപ്പോൾ ശരീരം കേടുകൂടാതെയിരിക്കുന്നതാണ് കണ്ടത്. അൻപത്തി രണ്ട് വർഷങ്ങൾ കഴിഞ്ഞിട്ടും വിശുദ്ധമായ ആ ശരീരത്തെ സ്പർശിക്കുവാൻ കീടങ്ങൾ തയ്യാറായില്ല. ജനങ്ങളെല്ലാം അദ്ദേഹത്തെ ജീവിച്ചിരിക്കുമ്പോൾ മുതൽ ഒരു വിശുദ്ധനായിട്ടാണ് കണ്ടത്. 1729 ൽ അദ്ദേഹം വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തപ്പെട്ടു. 1742 ൽ ക്ലെമന്റ് പന്ത്രണ്ടാമൻ പാപ്പ വിൻസെന്റ് ഡി പോളിനെ വിശുദ്ധരുടെ ഗണത്തിലേക്കുമുയർത്തി. നന്മ തിന്മകളെ വിവേചിച്ചറിയാനാകാതെ അടിമത്തങ്ങളിൽ

നിന്ന് അടിമത്തങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ജനങ്ങൾക്ക് വിശുദ്ധ ജീവിതം എന്നും അത്ഭുതം തന്നെയാണ്. ദൈവത്തോട് സംസാരിച്ചതിനാൽ വിശുദ്ധർ സത്യമെന്തെന്ന് അറിയുകയും അക്ഷീണം അതിനെ അനുഗമിക്കുകയും ചെയ്യുകയും ചെയ്തു. പാപമോചനവും രക്ഷയും സ്വന്തമാക്കുവാൻ പരാതിയും പരിഭവവുമില്ലാത്ത ഒരു ജീവിതം നയിക്കുവാൻ നമുക്കും സാധിക്കട്ടെ.

ദൈവഹിതത്തിന് കീഴ്വഴങ്ങുമ്പോൾ മഹനീയമായ വിളികൾ നൽകി അവിടുന്ന് നമ്മുടെ ജീവിതത്തെയും അനുഗ്രഹിക്കും. പിതാവിനോടുള്ള ബന്ധം പ്രതിസന്ധികളുടെ നടുവിലും വേർപെടുത്താതെ സൂക്ഷിച്ചു എന്നതാണ് അദ്ദേഹത്തിന്റെ വിശുദ്ധിയുടെ ആകെത്തുക. സംഭവങ്ങളെക്കാളും സാഹചര്യങ്ങളെക്കാളും ദൈവത്തിന്റെ മുഖത്ത് നോക്കി പ്രയാണം ചെയ്യുവാൻ അദ്ദേഹം തയ്യാറായി. പാവപ്പെട്ടവരോടുള്ള സ്നേഹവും സഭയോടുള്ള വിധേയത്വവും അദ്ദേഹം കൈവെടിഞ്ഞില്ല. സ്വയം മറന്ന് മറ്റുള്ളവർക്കുവേണ്ടി ജീവിച്ചു. ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കുവാനുള്ള വഴികൾ തുറക്കുകയല്ലാതെ മറ്റൊരു സംരംഭവും അദ്ദേഹത്തിന്റെ വഴിത്താരയിൽ വിരിഞ്ഞില്ല. ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കുവാനും അനേകർക്ക് മോചനദ്രവ്യമായി നൽകപ്പെടുവാനുമാണ് താൻ വന്നിരിക്കുന്നതെന്ന യേശുവിന്റെ വാക്കുകൾ ജീവിതത്തിൽ പ്രാവർത്തികമാക്കികൊണ്ടാണ് അദ്ദേഹം യാത്രയായത്.

കുരിശിന്റെ വഴിക്കു ശേഷം മാത്രമാണ് മഹത്വത്തിന്റെ രാജ്യത്ത് അദ്ദേഹത്തിനും പ്രവേശിക്കാനായത്. പാവപ്പെട്ടവരുടെ അപ്പസ്തോലനായിട്ടാണ് അദ്ദേഹം പലപ്പോഴും അറിയപ്പെടുന്നത്. സഭയോടും വിശുദ്ധ കൂദാശകളോടുമുള്ള അദ്ദേഹത്തിന്റെ സ്നേഹവും വർണ്ണനാതീതമായിരുന്നു. വിശുദ്ധ കുർബാനയിൽ നിന്ന് ലഭിക്കുന്ന ശക്തിയാണ് അദ്ദേഹത്തിന് പാവങ്ങളെ സഹായിക്കുന്നതിനുള്ള ഊർജ്ജം പ്രദാനം ചെയ്തത്. ഒരു വൈദികന്റെ കടമകൾ നന്നായി നിർവഹിച്ച് ദൈവം ഏൽപിച്ച സകലകാര്യങ്ങളിലും വിശ്വസ്തത പുലർത്തുന്നതിൽ തീക്ഷ്ണത കാണിച്ച് ജീവിതം അർത്ഥപൂർണമായി ജീവിച്ചുതീർക്കുന്നതിൽ അദ്ദേഹം വിജയിച്ചു.

വിശുദ്ധ വിൻസെന്റ് ഡി പോൾ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...